# ഐസാക് (IISAC ന്യൂജേഴ്സി)ന്റെ കേരളത്തിലെ എഡ്യൂക്കേഷണൽ ടൂറിസത്തെക്കുറിച്ചുള്ള വെബ്സൈറ്റ് നിലവിൽ വന്നു

ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയന്റിക് ആന്റ് അക്കാഡമിക് കൊളാബൊറേഷൻ (IISAC) അമേരിക്കയിലും ഇന്ത്യയിലും ഉള്ള വിവിധ യൂണിവേഴ്സിറ്റികളെ ബന്ധിപ്പിച്ച് കഴിഞ്ഞ 15 ലേറെ വർഷങ്ങളായി അന്തർദേശീയവിദ്യാഭ്യാസ വിനോദസഞ്ചാര പദ്ധതികൾ നടപ്പിലാക്കി വരുകയാണ്. ഐസകിന്റെ കേരളത്തിലെ എല്ലാ പ്രവർത്തനങ്ങളെയും ക്രോഢീകരിച്ച് വിശദീകരിക്കുന്ന വെബ്സൈറ്റാണ് www.studyabroadkerala.org എന്ന പേരിൽ ഇപ്പോൾ നിലവിൽ വന്നിരിക്കുന്നത്. ലോകത്തിനു മുമ്പിൽ കേരളത്തെ സമഗ്രമായി അനാവരണം ചെയ്യുന്നതാണ് ഐസാകിന്റെ വിദ്യാഭ്യാസ വിനോദ സഞ്ചാര പദ്ധതികൾ. ഐസാക് പ്രത്യേകമായി രൂപകല്പന ചെയ്ത 5 ദിവസം മുതൽ നാലുമാസം വരെ ചെയ്യാവുന്ന പലതരം പഠന-വിനോദ സഞ്ചാര പരിപാടികളെകുറിച്ച് വളരെ വ്യക്തമായി ഈ വെബ്സൈറ്റിൽ നിന്നും മനസ്സിലാക്കാം.

**സെമസ്റ്റർ ഇന്ത്യ** - 4 മാസം കേരളത്തിൽ താമസിക്കുവാൻ സാധിക്കുന്ന ഈ പ്രോഗ്രാമിലൂടെ ഇന്തോളജിയിലെ വിവിധതരം വിഷയങ്ങൾ: യോഗ, ധ്യാനം, ആയുർവേദം, ശാസ്ത്രീയ സംഗീതം, നാട്യകലകൾ, മതങ്ങൾ, കൃഷിരീതികൾ തുടങ്ങിയവ ലഭിക്കുന്നു. ക്ലാസ്സ്മുറിയിലെ പഠനത്തിനു പുറമെ പ്രായോഗിക പരിശീലന സെമിനാറുകൾ, ഫീൽഡ്സ്റ്റഡി, സേവന പദ്ധതികൾ എന്നിവയും ഇതിൽ ഉൾപ്പെടുന്നു. രണ്ടാഴ്ചത്തെ കേരള പര്യടനം, കുറഞ്ഞ നിരക്കിലുള്ള ഭാരത പര്യടനം, മലയാള ഭാഷ പഠനം തുടങ്ങിയവ ഈ പാഠ്യപദ്ധതിയുടെ സവിശേഷതകളാണ്. ഭൂമിശാസ്ത്രപരമായി വ്യത്യസ്ഥമായ ഈ മനോഹരനാടും നാട്ടുകാരുമായുള്ള സമ്പർക്കവും വിദ്യാർത്ഥികൾക്ക് മറക്കാനാവാത്ത അനുഭവമായി മാറും. സ്വന്തം യൂണിവേഴ്സിറ്റിയിലെ 15 ക്രെഡിറ്റുകൾ ലഭിക്കുന്ന “സെമസ്റ്റർ ഇൻ ഇന്ത്യ” അമേരിക്കൻ വിദ്യാർത്ഥികൾ വളരെയധികം ഇഷ്ടപ്പെടുന്നു. തിരുവനന്തപുരം യൂണിവേഴ്സിറ്റിയിലെ കാര്യവട്ടം ക്യാമ്പസിലേക്കും മാർ ഇവാനിയസ് കോളേജിലേക്കും സെമസ്റ്റർ ഇന്ത്യയ്ക്ക് ഇപ്പോൾ അപേക്ഷിക്കാവുന്നതാണ്. കർദ്ദിനാൾ മോർ ബെസേലിയോസ് ക്ലീമിസിന്റെ പ്രത്യേക താത്പര്യപ്രകാരം പ്രവാസി മലയാളികൾക്കായി മാർ ഇവാനിയോസ് കോളേജിൽ മലയാളം ഭാഷാപഠനം, കേരളപഠനം, ക്രിസ്ത്യൻ പഠനം തുടങ്ങിയവ ആരംഭിച്ചിരിക്കുന്നു.

**സമ്മർ ഇൻ കേരള** - ലോകമെമ്പാടുമുള്ള പ്രവാസി മലയാളികളുടെ രണ്ടും മൂന്നും തലമുറകളിൽപ്പെട്ട മലയാളി ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് തങ്ങളുടെ മാതൃനാടിന്റെ പൈതൃകവും വൈരുദ്ധ്യസംസ്കാരവും അനുഭവിച്ചറിയുവാൻ സാധിക്കുന്നതാണ് ഈ പദ്ധതി. കേരളത്തിന്റെ ചരിത്രം സംസ്കാരം, രാഷ്ട്രീയം, സാമ്പത്തികശാസ്ത്രം, മതങ്ങൾ, കലകൾ, കൃഷിരീതികൾ തുടങ്ങിയവയൊക്കെ പുതുതലമുറയ്ക്ക് നേരിട്ടറിയുവാൻ അവസരമൊരുക്കുകയാണ് രണ്ടാഴ്ചത്തെ സമ്മർ ഇൻ കേരള പ്രോഗ്രാം

**ഗവേഷണ പരിപാടികൾ** - കേരളം പോലെ ജൈവവൈവിധ്യമുള്ള ഒരു ഭൂപ്രദേശം കണ്ടെത്തുക പ്രയാസമാണ്. ഊഷ്ണമേഖലാ പ്രദേശമായ കേരളത്തിലെ വൈവിധ്യമാർന്ന സസ്യസമ്പത്ത്, മൃഗസമ്പത്ത്, കൃഷി തുടങ്ങിയവയെപ്പറ്റി ഗവേഷണങ്ങൾ നടത്തുന്നതിനായി പ്രൊഫർമാരും വിദ്യാർത്ഥികളുമടങ്ങുന്ന സംഘങ്ങളെ ഐസാക് ഇവിടേക്ക് എത്തിക്കുന്നു.

**തൃപ്തിയാത്ര** - കേട്ടറിഞ്ഞ കേരളത്തെ കണ്ടറിയുവാൻ ആഗ്രഹിക്കുന്നവർക്ക് വിജ്ഞാനവും വിനോദവും കോർത്തിണക്കി, 5 മുതൽ 20 ദിവസം വരെ കേരളത്തിൽ ചെലവഴിക്കാൻ സാധിക്കുന്ന ഒരു യാത്രപദ്ധതിയാണിത്. വിദേശ യൂണിവേഴ്സിറ്റികളിലെ പൂർവ്വവിദ്യാർത്ഥിസംഗമങ്ങൾക്കും അന്തർദേശീയ വിദ്യാഭ്യാസ സെമിനാറുകൾക്കും ഇത് ഉപകരിക്കാം.

**അന്തർദേശീയ വിദ്യാഭ്യാസ- ഗവേഷണ-വിനോദസഞ്ചാര** പരിപാടികളിലൂടെ വിശ്വപൗരൻമാരെ വാർത്തെടുക്കുക എന്നതാണ് ഐസാകിന്റെ ലക്ഷ്യം. ഇന്ത്യയിലെ പോണ്ടിച്ചേരി, ഒറീസ- KIIT തുടങ്ങിയ പല യൂണിവേഴ്സിറ്റികൾക്കും പുറമെ ഇപ്പോൾ കേരളത്തിലെ വിവിധ കോളേജിലേക്കും യൂണിവേഴ്സിറ്റികളിലേയ്ക്കും ഐസാകിന്റെ വിദ്യാഭ്യാസ വിനോദ സഞ്ചാര പദ്ധതികൾ വ്യാപിപ്പിച്ചിരിക്കുന്നു. കേരള ഗവൺമെന്റിന്റേയും ലോകമലയാളി സംഘടനകളുടെയും പ്രോത്സാഹനവും സഹകരണവുമാണ് തന്നെ ഇവിടേയ്ക്ക് വഴിതിരിച്ചതെന്ന് ഐസാകിന്റെ ഉപജ്ഞാതാവും മെഡിക്കൽ സയന്റിസ്റ്റുമായ ഡോ. സണ്ണി ലൂക്ക് പറയുന്നു.